ജമാഅത്തെ ഇസ്ലാമി ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി തളിപ്പറമ്പിൽ നടന്ന സ്നേഹ സന്ദേശയാത്രയ്ക്ക് തുടക്കം കുറിച്ച് ജാഥാ ക്യാപ്റ്റൻ ജലാൽഖാന് ജില്ലാ സെക്രട്ടറി കെ.എം. മഖ്ബൂൽ പതാക കൈമാറുന്നു

സ്നേഹ സന്ദേശ യാത്ര നടത്തി

തളിപ്പറമ്പ: ജമാഅത്തെ ഇസ്ലാമി ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി തളിപ്പറമ്പിൽ സ്നേഹ സന്ദേശയാത്ര നടത്തി. ജില്ലാ സെക്രട്ടറി കെ. എം. മഖ്ബൂൽ ഉദ്ഘാടനം ചെയ്തു. സി.കെ. മുനവ്വിർ മുഖ്യപ്രഭാഷണം നടത്തി. എം. ജലാൽഖാൻ, പി.പി. അബ്ദുസമദ്, കെ.കെ. ഖാലിദ്, സി. അഷ്റഫ്, കെ.പി. ആദംകുട്ടി, സി.എച്ച്. മിഫ്താഫ്, ശമീം, നാസർ നേതൃത്വം നൽകി.

തിരുവട്ടൂർ മഖാം ഉറൂസ്

തളിപ്പറമ്പ: തിരുവട്ടൂർ മഖാം ഉറൂസ് ഖതംദുആ, മജ്ലിസുന്നൂർ, മതപ്രഭാഷണം, മൗലീദ് പാരായണം, അന്നദാനം തുടങ്ങിയ പരിപാടികളോടെ ഏപ്രിൽ അഞ്ച് മുതൽ ഒമ്പത് വരെ നടത്താൻ മുസ്ലിം ജമാഅത്ത് കമ്മിറ്റി യോഗം തീരുമാനിച്ചു. തേർളായി അബ്ദുൽഖാദർ അധ്യക്ഷത വഹിച്ചു. കക്കുപടി അഷ്റഫ് ദാരിമി, പി.എം. അബ്ദുറഹിമാൻ, കെ.വി. അബ്ദുസലാം, പി.എം. കുഞ്ഞബ്ദുല്ല സംബന്ധിച്ചു.

കേരള കോ-ഓപ്പ് എംപ്ലോയീസ് യൂണിയൻ തളിപ്പറമ്പ ഏരിയ സമ്മേളനം കെ.എം.ജോസഫ് ഉദ്ഘാടനം ചെയ്യുന്നു

സഹകരണ പ്രസ്ഥാനങ്ങളെ തകർക്കാനുള്ള ഗൂഢനീക്കം അവസാനിപ്പിക്കണം

തളിപ്പറമ്പ: കറൻസി നിരോധനത്തിലൂടെ സഹകരണ പ്രസ്ഥാനങ്ങളെ തകർക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ഗൂഢനീക്കം അവസാനിപ്പിക്കണമെന്ന് കേരള കോ-ഓപ് എംപ്ലോയീസ് യൂണിയൻ (സി.ഐ.ടി.യു) തളിപ്പറമ്പ് ഏരിയാ സമ്മേളനം ആവശ്യപ്പെട്ടു. സി.പി.എം ജില്ലാ സെക്രട്ടറിയേറ്റംഗം കെ.എം. ജോസഫ് ഉദ്ഘാടനം ചെയ്തു. സി.എം. കൃഷ്ണൻ അധ്യക്ഷനായി. എ. പവിത്രൻ റിപ്പോർട്ടും ഇ.കെ. പ്രഭാകരൻ സംഘടന റിപ്പോർട്ടും അവതരിപ്പിച്ചു. കെ. കരുണാകരൻ, സംസ്ഥാന കമ്മിറ്റിയംഗം സുജയ ബാലകൃഷ്ണൻ എന്നിവർ സംസാരിച്ചു. പരിയാരം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വിരമിച്ച പി.കെ. കൃഷ്ണനന് യാത്രയയപ്പ് നൽകി. സി.പി.എം ഏരിയാ സെക്രട്ടറി പി. മുകുന്ദൻ ഉപഹാരം നൽകി. ആനക്കീൽ ചന്ദ്രൻ സ്വാഗതം പറഞ്ഞു. ഭാരവാഹികൾ: പി. വിജയൻ (പ്രസിഡണ്ട്), ഐ.വി. നാരായണൻ, സി.എച്ച്. വിജയൻ, എ. യശോദ (വൈസ് പ്രസിഡണ്ട്), സി.എം. കൃഷ്ണൻ (സെക്രട്ടറി), ഇ. ഗംഗാധരൻ, ഉഷ, സി. ബാലകൃഷ്ണൻ (ജോയിന്റ് സെക്രട്ടറി).

മനപൂർവ്വം സമുദായ സംഘർഷമുണ്ടാക്കാൻ സി.പി.എം ശ്രമിക്കുന്നു: ബി.ജെ.പി

പരിയാരം: ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറി എ.എൻ. രാധാകൃഷ്ണൻ നയിക്കുന്ന പ്രചാരണ ജാഥയുടെ പോസ്റ്റുകൾ ചെനയന്നൂർ, പൂവം, മാവിച്ചേരി പ്രദേശങ്ങളിൽ നശിപ്പിച്ച് അത് മറ്റു രാഷ്ട്രീയ, സാമുദായിക സംഘടനകളുടെ പേരിലാക്കി സംഘർഷം ഉണ്ടാക്കാനുള്ള സി.പി.എമ്മിന്റെ ശ്രമങ്ങൾ കരുതിയിരിക്കണമെന്ന് ബി.ജെ.പി പഞ്ചായത്ത് കമ്മിറ്റി മുന്നറിയിപ്പ് നൽകി.

വില്ലേജ് ഓഫീസറുടെയും, തളിപ്പറമ്പ് എസ്.ഐയുടെയും നേതൃത്വത്തിൽ നടക്കുന്ന സമാധാന യോഗം ബഹിഷ്ക്കരിക്കുന്ന സി.പി.എം സംസ്ഥാന സർക്കാരിന്റെ നിർദേശത്തെ പരിഹസിക്കുകയാണ്. യോഗത്തിൽ എം.വി. മുരളീധരൻ അധ്യക്ഷത വഹിച്ചു. ബി.ജെ.പി മണ്ഡലം സെക്രട്ടറി ചെങ്ങുനി രമേശൻ ഉദ്ഘാടനം ചെയ്തു. എൻ.കെ. ഇ. ചന്ദ്രശേഖരൻ മാസ്റ്റർ, കെ.കെ. ഹരിദാസ്, ഇ.വി. ഗണേശൻ സംസാരിച്ചു.

ഇലക്ട്രിക്കൽ വയർമെൻ ആന്റ് സൂപ്പർവൈസേഴ്സ് അസോസിയേഷൻ ആലക്കോട് ഏരിയാ സമ്മേളനം ടി. പ്രഭാകരൻ ഉദ്ഘാടനം ചെയ്യുന്നു.

കെ.എസ്.ഇ.ബി നിയമ നടപടികൾ ഏകീകരിക്കണം

ആലക്കോട്: കെ.എസ്.ഇ.ബി നിയമ നടപടികൾ ഏകീകരിച്ച് ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കണമെന്ന് കരുവഞ്ചാലിൽ ചേർന്ന ഇലക്ട്രിക്കൽ വയർമെൻ ആന്റ് സൂപ്പർവൈസേഴ്സ് അസോസിയേഷൻ (സി.ഐ.ടി.യു) ആലക്കോട് ഏരിയാ സമ്മേളനം ആവശ്യപ്പെട്ടു. ജോയി ജോണിന്റെ അധ്യക്ഷതയിൽ സി.ഐ.ടി.യു ആലക്കോട് ഏരിയാ സെക്രട്ടറി ടി. പ്രഭാകരൻ ഉദ്ഘാടനം ചെയ്തു. കെ.വി. ബാലകൃഷ്ണൻ, സി.കെ. സതീശൻ പ്രസംഗിച്ചു. മനുതോമസ് സ്വാഗതം പറഞ്ഞു. ഭാരവാഹികളായി ജോയി ജോൺ (പ്രസിഡണ്ട്), ടി.എം. ബിജു, റോബിൻ ബേബി (വൈസ് പ്രസിഡണ്ട്), മനു തോമസ് (സെക്രട്ടറി), കെ.ബിജേഷ്, പി.ജി. ഷൈജു (ജോയിന്റ് സെക്രട്ടറി), ജോജി തോമസ് (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

മാലിന്യനിർമ്മാർജന യജ്ഞം

പട്ടുവം: പഞ്ചായത്ത് തല മാലിന്യനിർമ്മാർജന യജ്ഞം പട്ടുവം യു.പി സ്കൂളിൽ പ്രസിഡണ്ട് ആനക്കീൽ ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡണ്ട് ഷീജ അധ്യക്ഷത വഹിച്ചു. സി.എം. ലളിത, വി. ഷീമ, രാജീവൻ കപ്പച്ചേരി സംസാരിച്ചു. ജൂനിയർ ഹെൽത്ത് അസിസ്റ്റന്റ് സുബൈർ ബോധവൽക്കരണ ക്ലാസ് നടത്തി. ഹെഡ്മിസ്ട്രസ് ഐ.വി. ഉഷാകുമാരി സ്വാഗതവും പി.പി. വിജയനിർമല നന്ദിയും പറഞ്ഞു.

രോഹിത് വെമൂല ചരമ വാർഷിക ദിനാചരണം 17ന്

കണ്ണൂർ: ഹൈദരബാദ് സർവകലാശാലയിലെ ഗവേഷണ വിദ്യാർത്ഥിയായ രോഹിത് വെമൂലയുടെ ഒന്നാം ചരമവാർഷിക ദിനമായ 17ന് ദളിത് അവകാശ ദിനമായി ആചരിക്കാൻ അഖിലേന്ത്യാ കർഷക തൊഴിലാളി യൂനിയനും മറ്റ് ദളിത് സംഘടനകളും തീരുമാനിച്ചു. അനുസ്മരണ പരിപാടിയുടെ ഭാഗമായി കെ.എസ്.കെ.ടി.യു, പട്ടികജാതി ക്ഷേമസമിതിയും ആദിവാസി ക്ഷേമസമിതിയും ചേർന്ന് കമ്മിറ്റികളുടെ സംയുക്ത ആഭിമുഖ്യത്തിൽ 17ന് വൈകുന്നേരം 5 മണിക്ക് പുതിയതെരുവിൽ അനുസ്മരണ പൊതുയോഗം നടത്തും. പരിപാടി വിജയിപ്പിക്കുന്നതിനുള്ള സംഘാടക സമിതി യോഗം കെ.മഹീന്ദ്രന്റെ അധ്യക്ഷതയിൽ ചേർന്നു. പി.രമേശ്ബാബു, എ.സുരേന്ദ്രൻ, ടി.രവീന്ദ്രൻ പ്രസംഗിച്ചു. സംഘാടകസമിതി ഭാരവാഹികളായി പി.രമേശ്ബാബു (ചെയർമാൻ), കെ.മഹീന്ദ്രൻ (കൺവീനർ) എന്നിവരെ തിരഞ്ഞെടുത്തു.

ഫോട്ടോ അനാച്ഛാദനവും ബോധവൽക്കരണവും

തളിപ്പറമ്പ: മുഴുവൻ എൻ.എസ്.എസ് കരയോഗത്തിന്റെ നേതൃത്വത്തിൽ സമുദായ അംഗം ഇടവൻ കൃഷ്ണൻ നമ്പ്യാരുടെ ഫോട്ടോ അനാച്ഛാദനവും ജീവിതശൈലി രോഗങ്ങളെ കുറിച്ച് ബോധവൽക്കരണ ക്ലാസും സംഘടിപ്പിക്കുന്നു. 15ന് രാവിലെ ഒമ്പതിന് മുഴുവൻ പി.പി സ്കൂളിൽ നടക്കുന്ന പരിപാടിയിൽ പ്രസിഡണ്ട് എം. ബാലകൃഷ്ണൻ നമ്പ്യാർ അധ്യക്ഷത വഹിക്കും. പി.വി. ശ്രീധരൻ നമ്പ്യാർ ഫോട്ടോ അനാച്ഛാദനം നിർവഹിക്കും. ഡോ. ബാലകൃഷ്ണൻ വള്ളിത്തോട് വിഷയാവതരണം നടത്തും. എം. നാരായണൻ നമ്പ്യാർ സ്വാഗതവും പി.കെ. വിനോദ് നന്ദിയും പറയും.

കരിങ്കയത്ത് ജനകീയ കമ്മിറ്റി നേതൃത്വത്തിൽ നാട്ടുകാർ ജൈവ തടയണ നിർമ്മിക്കുന്നു

ഹരിത കേരളത്തിനായി കരിങ്കയത്ത് ജൈവ തടയണ

തടിക്കടവ്: സംസ്ഥാന സർക്കാരിന്റെ ഹരിത കേരളം മിഷന്റെ ഭാഗമായി ജൈവ തടയണ നിർമ്മാണവുമായി നാട്ടുകാർ രംഗത്ത്. ചപ്പാരപ്പടവ് പഞ്ചായത്തിലെ കരിങ്കയത്താണ് ജനകീയ കമ്മിറ്റി നേതൃത്വത്തിൽ തടയണ നിർമ്മിച്ചത്. രയരോം പുഴയുടെ ഭാഗമായുള്ള കട്ടയാൽ, കരിങ്കയം, മണിക്കൽ പ്രദേശങ്ങളിലാണ് തടയണ ഒരുക്കിയത്. ആദ്യഘട്ടമായി മൂന്ന് തടയണകൾ നിർമ്മിച്ചു. ഓരോ കേന്ദ്രങ്ങളിലും നൂറ് കണക്കിനാളുകൾ പങ്കാളികളായി. പ്ലാസ്റ്റിക് ചാക്കുകൾ ഉൾപ്പെടെയുള്ള വസ്തുക്കൾ ഉപയോഗിച്ച് പലയിടങ്ങളിലും തടയണ നിർമ്മിച്ചത് ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുമെന്ന് വിമർശനമുയർന്നിരുന്നു. കല്ലുകളും മണൽ നിറച്ച ചണ ചാക്കുകളും ഉപയോഗിച്ചാണ് ഇവിടെ തടയണ നിർമ്മിച്ചത്. 50മീറ്ററോളം നീളത്തിലാണ് ജനകീയ കൂട്ടായ്മയിലൂടെ ജൈവ തടയണ ഒരുങ്ങിയത്. വാർഡ് വികസന സമിതി, കുടുംബശ്രീ പ്രവർത്തകർ, രാഷ്ട്രീയ പാർട്ടി പ്രവർത്തകർ, വായനശാല- സ്വാശ്രയ സംഘം പ്രവർത്തകർ എന്നിവർ ഈ ഉദ്യമത്തിനായി മനസോടെ പ്രവർത്തിച്ചു. ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ അധ്യക്ഷ രുഗ്മിണി ശശിധരൻ, പി.പി. ഷാജി, പി.കെ. സുരേഷ്, കെ.വി. പുരുഷോത്തമൻ, ഇ. കുമാരൻ, കെ. ജനാർദനൻ, പി. ജയശീലൻ, വി.കെ. മനോജ്, വി.പി. പത്മിനി നേതൃത്വം നൽകി.

ആൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ ഫോട്ടോഗ്രാഫി മത്സരത്തിന്റെ ഒന്നാം സമ്മാനം കണ്ണൂർ മേയർ ഇ.പി.ലതയിൽ നിന്നും ബിനുകുമാർ ഏറ്റുവാങ്ങുന്നു. തളിപ്പറമ്പ രാജ സ്റ്റുഡിയോ സ്ഥാപകൻ നാരായണൻ നമ്പൂതിരിയുടെ സ്മരണക്കായി ഏർപ്പെടുത്തിയതാണ് പുരസ്ക്കാരം.

നോട്ട് നിരോധനം: പ്രതിഷേധ കടലായി യൂത്ത് ലീഗ് ക്യൂ വലയം

ആലക്കോട്: നോട്ടുകൾ നിരോധിച്ച് രാജ്യത്തെ ജനങ്ങളെ ഒന്നടങ്കം ക്യൂവിൽ നിർത്തിയ കേന്ദ്രസർക്കാർ നടപടിയിൽ പ്രതിഷേധിച്ച് യൂത്ത് ലീഗ് നേതൃത്വത്തിൽ നടുവിൽ ക്യൂവലയം സമരം സംഘടിപ്പിച്ചു. എം.എ. ജലീൽ റഹ്മാന്റെ അധ്യക്ഷതയിൽ ജില്ലാ പ്രസിഡണ്ട് വി.പി. മൂസാൻകുട്ടി ഉദ്ഘാടനം ചെയ്തു. ബി. അബ്ദുൾനാസർ, കെ. ഷമീർ, പി.കെ. ഹനീഫ, സി.എച്ച്. മുഹമ്മദ് ഫാരീഷ്, വി. റസാഖ്, കെ.പി. അബ്ദുൾ ഷുക്കൂർ, എം. ഇഖ്ബാൽ പ്രസംഗിച്ചു.

ചപ്പാരപ്പടവ് പഞ്ചായത്ത് യൂത്ത് ലീഗിന്റെ ക്യൂവലയം അബൂബക്കർ മൗലവി ഉദ്ഘാടനം ചെയ്തു. ഉനൈസ് എരുവാട്ടി അധ്യക്ഷത വഹിച്ചു. ഒ.പി. ഇബ്രാഹിംമാസ്റ്റർ, അലി മംഗര, ഇസ്മായിൽ മാസ്റ്റർ, അഷ്റഫ് മടക്കാട്, ലത്തീഫ്ഹാജി, ഒ.കെ. ഇബ്രാഹിം, ജലീൽ, പി.സി. ജാസിർ പെരുവണ, എം.പി.ആസിഫ്, പി. ശരീഫ്, പി.കെ. ഉമ്മർ സംസാരിച്ചു. യു.വി. ഇർഫാൻ സ്വാഗതവും ഉവൈസ് നന്ദിയും പറഞ്ഞു.

പാപ്പിനിശേരി പഞ്ചായത്ത് മുസ്ലിം യൂത്ത് ലീഗ് ക്യൂവലയം ജാബിർ വി.കെയുടെ അധ്യക്ഷതയിൽ യൂത്ത് ലീഗ് ജില്ലാ വൈസ് പ്രസിഡണ്ട് സി.പി. റഷീദ് ഉദ്ഘാടനം ചെയ്തു. മാങ്കടവിൽ നടന്ന വലയത്തിൽ എ.കെ. അബ്ദുബാഖി മുഖ്യപ്രഭാഷണം നടത്തി. സി.എച്ച്.അബ്ദുൾസലാം ആശംസ അർപ്പിച്ചു. അജ്മൽ മാങ്കടവ് സ്വാഗതവും പി.പി. നിയാസ് നന്ദി പറഞ്ഞു.

പരിയാരം പഞ്ചായത്ത് ക്യൂവലയം യൂത്ത് ലീഗ് തളിപ്പറമ്പ് നിയോജക മണ്ഡലം വൈസ് പ്രസിഡണ്ട് പി.വി. മുഹമ്മദ് റാഫി ഉദ്ഘാടനം ചെയ്തു. ഫാറൂഖ് മഠത്തിൽ അധ്യക്ഷത വഹിച്ചു. അഷ്റഫ് കൊട്ടോല, ലുബാബ് അരിപ്പാമ്പ്ര, കെ മുഹമ്മദ് ശഹീബ് പ്രസംഗിച്ചു. ടി. പി. അബ്ദുൾകരീം, കെ.സി. നൗഷാദ്, മുർഷിദ് വായാട്, സുൽഫിക്ക അരിപ്പാമ്പ്ര നേതൃത്വം നൽകി.

കുറുമാത്തൂരിൽ കെ.പി. നൂറുദീൻ ഉദ്ഘാടനം ചെയ്തു. നൗഷാദ് പുതുക്കണ്ടം, എം.സുബൈർ, അനസ് മുയ്യം നേതൃത്വം നൽകി. ഷൗക്കത്തലി, അഡ്വ. മുജീബ് റഹ്മാൻ സംസാരിച്ചു.

കുറ്റ്യാട്ടൂർ പഞ്ചായത്ത് യൂത്ത് ലീഗ് ക്യൂവലയം കെ.കെ.എം. ബഷീർ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. പി.കെ. ഷംസുദീൻ അധ്യക്ഷത വഹിച്ചു. കെ.കെ. അബ്ദുറഹിമാൻ മാസ്റ്റർ, ഖാദർ മൗലവി പ്രസംഗിച്ചു. പി.കെ. ബഷീർ, കെ.ടി. മുഹമ്മദലി, ആർ. റാഷിദ്, നജീബ് ചെറുവത്തല, ആർ. റസാഖ് നേതൃത്വം നൽകി.

കണ്ണൂരിൽ സംസ്ഥാന യൂത്ത് ലീഗ് വൈസ് പ്രസിഡണ്ട് പി.കെ. സുബൈർ ഉദ്ഘാടനം ചെയ്തു. ജില്ലാ ട്രഷറർ മുസ്ലിംലീഗ് മത്തിൽ കെ.എം. ശംസുദീൻ, സി. സമീർ, അശ്രഫ് ബംഗാളി മഹല്ല, എം.ഐ. തങ്ങൾ, എം.പി. മുഹമ്മദലി, അശ്രഫ് കാക്കിരോട് സംസാരിച്ചു.

നോട്ട് നിരോധനത്തിനെതിരെ നടുവിൽ നടന്ന യൂത്ത് ലീഗ് ക്യൂവലയം ജില്ലാ പ്രസിഡണ്ട് വി.പി. മൂസാൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു.

യൂത്ത്ലീഗ് ക്യൂവലയം കണ്ണൂരിൽ പി.കെ.സുബൈർ ഉദ്ഘാടനം ചെയ്യുന്നു

കിടപ്പിലായ രോഗികൾക്ക് സാന്ത്വനം പകർന്ന് പാലിയേറ്റീവ് സ്നേഹസംഗമം

ആലക്കോട്: മാരക രോഗങ്ങൾ ബാധിച്ച് കിടപ്പിലായ രോഗികൾക്ക് സാന്ത്വനം പകർന്നു നൽകുന്നതായി ഉദയഗിരി പഞ്ചായത്ത് നേതൃത്വത്തിൽ സംഘടിപ്പിച്ച പാലിയേറ്റീവ് സ്നേഹ സംഗമം. ഉദയഗിരി പഞ്ചായത്തിലെ കിടപ്പിലായ രോഗികളെ പരിപാലിക്കുന്നതിനും സഹായിക്കുന്നതിനും വേണ്ടി പഞ്ചായത്തിന്റെയും ഉദയഗിരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെയും നേതൃത്വത്തിലുള്ള സ്നേഹ സ്പർശം പദ്ധതിയുടെ ഭാഗമായാണ് പാലിയേറ്റീവ് രോഗികളുടെ സ്നേഹ സംഗമം ഉദയഗിരി സെന്റ് മേരീസ് പാരീഷ്ഹാളിൽ സംഘടിപ്പിച്ചത്. ഇത്തരം രോഗികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും മാനസിക ഉൻമേഷത്തിനുമായി നടത്തിയ സംഗമത്തിൽ 250 ഓളം രോഗികളും അവരുടെ കുടുംബാംഗങ്ങളും ജനപ്രതിനിധികളും ആശാ പ്രവർത്തകരും സാമൂഹ്യ- സാംസ്കാരിക പ്രവർത്തകരും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരും പങ്കാളികളായി. രോഗികൾക്ക് അവരുടെ അനുവേങ്ങൾ പങ്കുവെയ്ക്കുന്നതിനും കലാപരിപാടികൾ ആസ്വദിക്കുന്നതിനും സ്നേഹസംഗമം വേദിയായി. ഉദയഗിരി പഞ്ചായത്ത് പ്രസിഡണ്ട് മിനി മാത്യു അധ്യക്ഷത വഹിച്ചു. പ്രമുഖ സിനിമാതാരം നിഖില വിമൽ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡണ്ട് സിജോ ജോർജ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ ബീന സുരേഷ്, സരിത മാത്യു, തോമസ് വെക്കത്താനം, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ ജോസ് പറയൻകുഴി, കവിത ഗോവിന്ദൻ, ആലക്കോട് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഗിരിജാ മണി ടീച്ചർ, ആലക്കോട് എസ്.ഐ.ടി.വി അശോകൻ, മാനുവൽ വടക്കേമുറി, ഡെയ്സി ചെറിയാൻ, ഫാ. കുര്യാക്കോസ് മുണ്ടപ്ലാക്കൽ, വി.ടി. ശ്രീരാജ് പ്രസംഗിച്ചു. ഡോ. ആർ.സി. കരിപ്പത്ത് പ്രഭാഷണം നടത്തി. ഡോ. കെ.കെ. അംജദ്നവാബ് സ്വാഗതവും എൽ. ഫ്രാങ്ക്ളിൻ നന്ദിയും പറഞ്ഞു. രോഗികൾക്കായി സ്നേഹവിരുന്നും ഒരുക്കിയാണ് പാലിയേറ്റീവ് സംഗമം സമാപിച്ചത്. ഉദയഗിരി മേഖലയിലെ നിരവധി സന്നദ്ധ സംഘടനകളും സ്നേഹസംഗമത്തിന് എല്ലാവിധ സഹായ ഹസ്തങ്ങളുമായി രംഗത്തുണ്ടായിരുന്നു.

ഉദയഗിരിയിൽ പാലിയേറ്റീവ് സ്നേഹസംഗമം ഉദ്ഘാടനം ചെയ്ത സിനിമാതാരം നിഖില വിമൽ രോഗികൾക്കൊപ്പം.

കൂട്ടുംമുഖം മഹല്ല് കമ്മിറ്റി സംഘടിപ്പിച്ച റോഡ് സുരക്ഷാക്ലാസ് അഡ്വ.എസ്.മമ്മു ഉദ്ഘാടനം ചെയ്യുന്നു

റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസ് നടത്തി

ശ്രീകണ്ഠപുരം: കൂട്ടുംമുഖം മഹല്ല് കമ്മിറ്റി നേതൃത്വത്തിൽ ഡ്രൈവർമാർക്കും യാത്രക്കാർക്കുമായി റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസ് നടത്തി.

അഡ്വ.എസ്.മമ്മു ഉദ്ഘാടനം ചെയ്തു. മഹല്ല് ശാക്തീകരണ കമ്മിറ്റി ചെയർമാൻ ഹാഷിം സഅദി അധ്യക്ഷത വഹിച്ചു. കണ്ണൂർ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ജെ.എസ്. ശ്രീകുമാർ ക്ലാസെടുത്തു. വാർഡ് കൗൺസിലർ പ്രിൻസൺ, മൂസാൻകുട്ടി, ഇബ്രാഹിം കുട്ടി സംസാരിച്ചു. ആറ് മാസം തുടർച്ചയായുള്ള വിവിധ ക്ലാസുകൾ വരുംദിനങ്ങളിൽ നടത്തും.

തോട്ടം തൊഴിലാളികളുടെ വെട്ടിക്കുറച്ച കൂലി പുനഃസ്ഥാപിക്കണമെന്ന് സി.ഐ.ടി.യു

ആലക്കോട്: തോട്ടം തൊഴിലാളികളുടെ വെട്ടിക്കുറച്ച കൂലി പുനഃസ്ഥാപിക്കണമെന്നും റബർ സബ്സിഡി വർധിപ്പിക്കണമെന്നും തളിപ്പറമ്പിൽ തോട്ടം തൊഴിലാളി ക്ഷേമനിധി ഓഫീസ് അനുവദിക്കണമെന്നും തേർത്തല്ലി ഡിവിഷൻ തോട്ടം തൊഴിലാളി യൂണിയൻ (സി.ഐ.ടി.യു) കൺവെൻഷൻ ആവശ്യപ്പെട്ടു. സോമൻ കാവനാക്കുഴി അധ്യക്ഷത വഹിച്ചു. ആലക്കോട് ഏരിയ പ്രസിഡണ്ട് ജോസ് പുള്ളിറ്റ് ഉദ്ഘാടനം ചെയ്തു. സോമൻ കുന്നുംപുറം, ബിജുകുമാർ കാക്കനാശേരി പ്രസംഗിച്ചു.

ജില്ലാതല ഫ്ളഡ്ലൈറ്റ് ഫൈവ്സ് ഫുട്ബോൾ ടൂർണ്ണമെന്റ്

മോറാഴ: ഡി.വൈ.എഫ്.ഐ പാന്തോട്ടം, വാണിയങ്കര യൂനിറ്റുകളുടെ സംയുക്താഭിമുഖ്യത്തിൽ ജില്ലാതല ഫ്ളഡ്ലൈറ്റ് ഫൈവ്സ് ഫുട്ബോൾ ടൂർണ്ണമെന്റ് 14ന് വൈകുന്നേരം 6 മണി മുതൽ പാന്തോട്ടം യുവധാര സ്റ്റേഡിയത്തിൽ നടക്കും. ആന്തൂർ നഗരസഭ വൈസ് ചെയർമാൻ കെ.ഷാജു ഉദ്ഘാടനം ചെയ്യും. സി.പി.മുഹാസ് അധ്യക്ഷത വഹിക്കും. ടി.എൻ.മുരളീധരൻ മാസ്റ്റർ സംസാരിക്കും. കെ.വരുൺ സ്വാഗതവും വി.വിജിൽ നന്ദിയും പറയും. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ടീമുകൾ 9562323191, 9947587804 നമ്പറുകളിൽ ബന്ധപ്പെടണം.